## ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം തിരുവനന്തപുരം

വിഷയം :- ആ.വ.ഡ–ജീവനക്കാര്യം –സ്പെഷ്യാലിറ്റി കേഡർ – ഡോ.രാജി പി ജി, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) യുടെ 17.05.2022 മുതൽ 02.06.2022 വരെയുള്ള സേവന കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇ.എ 1 –89242/2021/ആ.വ.ഡ തീയതി 13.05.2022

2. ഉത്തരവ് നം.എ 1 –8078/2022/ജി.മെ.ആ കോഴിക്കോട് തീയതി 21.05.2022

3. നം. എ 1 –12757/2022 /ജി.മെ.ആ കോഴിക്കോട് തീയതി 19.09.2022

### ഉത്തരവ് നം. ഇ.എ 1 –3465/2022/ആ.വ.ഡ തീയതി 06.11.2022

പൊതുസ്ഥലം മാറ്റം 2021 ന്റെ ഭാഗമായി പരാമർശം (1) പ്രകാരം കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നും ഫറോക്ക് താലൂക്ക് ആശുപത്രിയിലേക്കു സ്ഥലം മാറ്റി നിയമിച്ച ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. രാജി.പി.ജിയെ 16.05.2022 അപരാഹ്നത്തിൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്തെങ്കിലും ഫറോക്ക് താലൂക്ക് ആശുപത്രിയിൽ നിന്നും കുറ്റിയാടി താലൂക്ക് ആശുപത്രിയിലേക്കു സ്ഥലം മാറ്റിയ ഡോ. അർച്ചന.കെ.ഒ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM)–651/2022 ന്റെ 16.05.2022 തീയതിയിലെ ഉത്തരവ് പ്രകാരം സ്ഥലം മാറ്റിയ നടപടി സ്റ്റേ ചെയ്തതിനാൽ ടിയാരിയ്ക്ക് ഫറോക്ക് താലൂക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കാൻ സാധിച്ചില്ല. ആയതിനാൽ ടിയാരി 18.05.2022 അപരാഹ്നത്തിൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിൽ റിപ്പോർട്ട് ചെയ്യുകയും പരാമർശം (2) പ്രകാരം ടിയാരിയെ ആയഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് താൽക്കാലികമായി നിയോഗിക്കുകയും ചെയ്തു. സ്റ്റേ ഒഴിവായതിനെ തുടർന്ന് 31.05.2022 ന ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും വിടുതൽ ചെയ്ത ഡോ.രാജി.പി.ജി 03.06.2022 പൂർവാഹ്നത്തിൽ ഫറോക്ക് താലൂക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ആയതിനാൽ ടിയാരി 17.05.2022 മുതൽ 02.06.2022 വരെയുള്ള സേവനകാലയളവ് ക്രമീകരിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ.രാജി.പി.ജിയുടെ 17.05.2022 മുതൽ 02.06.2022 വരെയുള്ള സേവനകാലയളവ് കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം 1, ചട്ടം 12 (7) ലെ കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ. വി. മീനാക്ഷി**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

ഡോ. രാജി പി ജി, ജൂനിയർ കൺസൾട്ടന്റ്, (ഗൈനക്കോളജി)
താലൂക്ക് ആശുപത്രി, ഫറോക്ക്, കോഴിക്കോട്

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ, കോഴിക്കോട്
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ഫറോക്ക്, കോഴിക്കോട്
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

**സൂപ്രണ്ട്**